**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 51** **27-01-2026 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ലയിലെ പി.എസ്.സി നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മലപ്പുറം ജില്ലയിൽ എത്ര ഉദ്യോഗാർത്ഥികൾക്ക് വിവിധ തസ്തികകളിൽ പി.എസ്.സി മുഖേനയുള്ള നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 9537 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ ചെയ്തിട്ടുണ്ട്. |
| (ബി) | ഓരോ തസ്തികയിലും നിലവിൽ ഇനിയും ഒഴിവുകൾ ഉണ്ടോയെന്നും അവ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ബി) | ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് തന്നെ പി.എസ്.സി മുഖേന നിയമനം നടത്തേണ്ട എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും സ്ഥാപന മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | നിലവിലുണ്ടായിരുന്നവയിൽ കാലാവധി തീർന്ന ലിസ്റ്റുകൾ ഏതെല്ലാമാണെന്നും പുതിയ ലിസ്റ്റുകൾ വരാനുള്ളത് ഏതിലെല്ലാമാണെന്നും അവയുടെ റാങ്ക് ലിസ്റ്റുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ; | (സി) | നിലവിലുണ്ടായിരുന്നവയിൽ കാലാവധി തീർന്ന ലിസ്റ്റുകൾ ചുവടെ ചേർക്കുന്നു.<br><br>1. Drawing Teacher (HS)<br>2. High School Teacher (Physical Science)<br>3. Forest Driver<br>4. Matron Gr. I<br>5. BFO<br>6. Lift Operator<br>7. Clerk (SR for ST only) - various<br>8. Havildar APB (MSP) (SR for ST only) - Police<br>9. Public Health Inspector Gr. II - LSGD<br>10. Field Worker - Health Services<br>11. Police Constable (APB) (MSP) - Police<br>12. Electrician - Agriculture<br><br>ടി തസ്തികകളുടെ പുതിയ തെരഞ്ഞെടുപ്പ് നടപടികൾ പുരോഗമിക്കുകയാണ്. |
| (ഡി) | മലപ്പുറം ജില്ലയിലെ വിവിധ വകുപ്പുകളിലെ ഒഴിവുകൾ നികത്തുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) | പി.എസ്.സി റാങ്ക് ലിസ്റ്റുകളിൽ നിന്ന് യഥാസമയം നിയമനം നടത്തുന്നതിലേക്ക് വിവിധ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും വിവിധ തസ്തികകളിലുള്ള എല്ലാ |

| | | | |
|---|---|---|---|
| | | | ഒഴിവുകളും പി.എസ്.സി യുടെ ഇ-വേക്കൻസി സോഫ്റ്റ് വെയർ മുഖേന കൃത്യമായി പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും സ്ഥാപനമേധാവികൾക്കും നിർദ്ദേശം നൽകി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ